# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 527

06.03.2013 ൽ മറുപടിയ്ക്ക്

## സഹകരണ റിസ്ക് ഫണ്ട്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. കെ. കെ. ലതിക | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) മരണപ്പെട്ട വായ്പക്കാരായ അംഗങ്ങൾക്ക് സഹകരണ റിസ്ക് ഫണ്ടിൽ നിന്നും, ധനസഹായം ലഭ്യമാക്കുന്നതിന് പ്രാഥമിക കാർഷിക സഹകരണ ബാങ്കുകൾ എന്താണ് ചെയ്യേണ്ടതെന്ന് വ്യക്തമാക്കുമോ; | (എ) പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്ന വായ്പക്കാരുടെ വായ്പകൾക്ക് റിസ്ക്ഫണ്ട് പദ്ധതിയുടെ പരിരക്ഷ ലഭിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക് റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗമാകേണ്ടതും വായ്പ നൽകുമ്പോൾ തന്നെ വായ്പക്കാരിൽ നിന്നും ഒറ്റത്തവണ പ്രീമിയം ഈടാക്കേണ്ടതുമാണ്. ഇപ്രകാരം പ്രീമിയം ഈടാക്കിയ വായ്പകൾക്ക് മാത്രമേ റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള പരിരക്ഷ ലഭിക്കുകയുള്ളൂ. |
| (ബി) ഇതിലേയ്ക്ക് സഹകരണ സ്ഥാപനങ്ങൾ എന്തെങ്കിലും സബ് റൂളിന് അംഗീകാരം വാങ്ങേണ്ടതുണ്ടോ; വ്യക്തമാക്കുമോ; | (ബി) യും (സി) യും റിസ്ക് ഫണ്ട് സ്കീമിൽ ചേരുന്നതിനോ, റിസ്ക് ഫണ്ട് സ്കീം പ്രകാരം ധനസഹായം ലഭിക്കുന്നതിനോ സഹകരണ സ്ഥാപനങ്ങൾ പ്രത്യേകമായി സബ്റൂൾ അംഗീകാരം വാങ്ങേണ്ടതില്ല. |
| (സി) സബ് റൂൾ അംഗീകാരം വാങ്ങാതെ വായ്പക്കാരിൽ നിന്നും പ്രീമിയം വാങ്ങിയ സഹകരണ ബാങ്കുകൾക്ക് വായ്പക്കാരൻ മരണപ്പെട്ടാൽ ധനസഹായം വായ്പക്കാരന്റെ കുടുംബത്തിന് ലഭ്യമാക്കുവാൻ എന്തെല്ലാം ചെയ്യാൻ കഴിയും; വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ